എൻഡോസൾഫാൻ

# ഡോ. അച്യുതൻ കമ്മിറ്റി റിപ്പോർട്ടും വെളിച്ചം കാണാത്ത റിപ്പോർട്ടുകളും

**സ്വന്തം ലേഖിക**

എൻഡോസൾഫാന്റെ പ്രയോഗത്തിനും നിരോധനത്തിനുമിടയിൽ സർക്കാരിന്റേയും കൃഷിവകുപ്പിന്റേയും ഒളിച്ചുകളി തുടരുകയാണ്. കഴിഞ്ഞ ആഗസ്റ്റിൽ സംസ്ഥാനത്ത് എന്റഡോസൾഫാന് ഏർപ്പെടുത്തിയ നിരോധനം ഡോ. അച്യുതൻ കമ്മിറ്റിയുടെ പഠനറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനകൃഷിവകുപ്പ് ഈയിടെ പിൻവലിച്ചു. ഇക്കാര്യം വിവാദമായപ്പോൾ നിരോധനം പിൻവലിച്ചില്ലെന്ന പ്രസ്താവന ഇറക്കി രക്ഷപ്പെടുകയാണ് സർക്കാർ ചെയ്തത്. സ്ഥായിയായി നിരോധനം ഏർപ്പെടുത്താൻ കേന്ദ്രത്തിനേ അധികാരമുള്ളൂ എന്ന സാങ്കേതികപ്രശ്നവും കൃഷിമന്ത്രി നിയമസഭയെ അറിയിക്കുകയുണ്ടായി.

പഡ്രെ ഡിവിഷന് 5 വർഷത്തേക്ക് കീടനാശിനി അവധി നൽകാനായിരുന്നു ഡോ. അച്യുതൻ കമ്മിറ്റിയിലെ നിർദ്ദേശം. മറ്റു ഡിവിഷനുകളിൽ ആവശ്യമനുസരിച്ച് കാർഷികഗവേഷകരുടെ നിർദ്ദേശത്തോടെ കീടനാശിനികൾ തറയിൽ നിന്ന് തളിക്കാം. എൻഡോസൾഫാനാണ് ഇവിടത്തെ പ്രശ്നത്തിന് കാരണമെന്ന് പറയാൻ കഴിയില്ലെന്നായിരുന്നു മറ്റൊരു കണ്ടുപിടുത്തം. അതിന് കൂടുതൽ പഠനങ്ങൾ ആവശ്യമാണെന്നും പറഞ്ഞ് കമ്മീഷൻ തടിതപ്പി.

കമ്മിറ്റിയിലുണ്ടായിരുന്ന കൃഷിവകുപ്പ് ഡയറക്ടറേയും കാർഷികശാസ്ത്രജ്ഞരേയും തങ്ങളുടെ കറ്റത്തിൽ നിന്ന് രക്ഷപ്പെടുത്തുക മാത്രമല്ല മാരകവിഷങ്ങൾ ഉണ്ടാക്കി വിറ്റ് ലാഭം കൊയ്യുന്ന കീടനാശിനി കമ്പനികളെ സഹായിക്കുക കൂടിയുമാണ് ഈ റിപ്പോർട്ടിലൂടെ ഡോ. അച്യുതൻ ചെയ്തത്. പരിസ്ഥിതി പ്രവർത്തകന്റെ കൈയിൽ നിന്ന് ജനങ്ങൾക്ക് കിട്ടിയ തിരിച്ചടിയായിപ്പോയി ഇത്. അച്യുതൻകമ്മിറ്റി റിപ്പോർട്ടിന്റെ ബലത്തിൽ എൻഡോസൾഫാൻ നിരോധനം നീക്കാൻ ഉത്സാഹിക്കുന്ന സർക്കാരും കൃഷിവകുപ്പും പക്ഷേ മറുവശത്ത് രണ്ട് അന്വേഷണറിപ്പോർട്ടുകൾ പൂഴ്ത്തിവച്ചിരിക്കുകയാണ്. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒക്'വേഷണൽ ഹെൽത്തിന്റേയും കേന്ദ്രസാങ്കേതികപരിസ്ഥിതി വകുപ്പിന്റേയും എൻഡോസൾഫാനെതിരായ റിപ്പോർട്ടുകളാണവ.

മാർച്ച് മാസത്തിൽ ഇറക്കിയ ഒരു ഉത്തരവിലൂടെ എൻഡോസൾഫാൻ നിരോധനം നീക്കുകയും ജൂൺമാസത്തിലെ മറ്റൊരു ഉത്തരവിലൂടെ കൃഷിഭവനുകൾക്ക് എൻഡോസൾഫാൻ വിതരണം ചെയ്യാനുള്ള അനുമതി നൽകുകയും ചെയ്തതിലൂടെ കൃഷിവകുപ്പ് വീണ്ടും തങ്ങളുടെ കീടനാശിനി കമ്പനികളോടുള്ള കൂറ് ആവർത്തിക്കുകയും ജനങ്ങളുടെ ആരോഗ്യം തങ്ങൾക്കൊരു വിഷയമല്ലെന്ന് ഉറക്കെ പ്രഖ്യാപിക്കുകയും ചെയ്തിരിക്കുകയാണ്.

കാർഷികസർവകലാശാലയിലെ ശാസ്ത്രജ്ഞരെ വിലയ്ക്കെടുക്കാൻ സാധിച്ച കീടനാശിനി കമ്പനികൾക്ക് കഴിഞ്ഞ ആറുമാസത്തെ അശ്രാന്തപരിശ്രമം കൊണ്ട് കൃഷിവകുപ്പിനേയും വിലയ്ക്കെടുക്കാൻ കഴിഞ്ഞു എന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണിത്.